**തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**(അവതരണം : RAJEEVE C R)**

നം. DIC/2513/2025-EB1 തീയതി : 14-05-2025

വിഷയം:- വ്യവസായം - ജീവനക്കാര്യം - ശ്രീമതി ഭാർഗ്ഗവി പി എം, ക്ലാർക്ക് - ടൈപ്പിസ്റ്റിന് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 1. 02/05/2025 തിയതിയിലെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ DIC/2014/2025-EA1 നമ്പർ നടപടിക്രമം.

2. 26/04/2025 തിയതിയിലെ കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ DICKSD/162/2023-A2-1 നമ്പർ കത്ത്.

ഹോസ്ദുർഗ് താലൂക്ക് വ്യവസായ ഓഫീസിലെ ക്ലാർക്ക് - ടൈപ്പിസ്റ്റ് ആയിരുന്ന ശ്രീമതി സുമ പി വി - യ്ക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ഒഴിവിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനായി കാസർഗോഡ് താലൂക്ക് വ്യവസായ ഓഫീസിലെ ക്ലാർക്ക് - ടൈപ്പിസ്റ്റ് ആയ ശ്രീമതി ഭാർഗ്ഗവി പി എം. പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

പരാമർശ പ്രകാരമുള്ള അപേക്ഷ പരിഗണിച്ചും നിലവിലെ സ്ഥലംമാറ്റ ചട്ടങ്ങൾക്കു വിധേയമായും ഹോസ്ദുർഗ് താലൂക്ക് വ്യവസായ ഓഫീസിലെ ക്ലാർക്ക് - ടൈപ്പിസ്റ്റ് തസ്തികയിലെ നിലവിലെ ഒഴിവിലേക്ക് ശ്രീമതി ഭാർഗ്ഗവി പി എം - ന് സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. ആയതിനാൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ കാസർഗോഡ് താലൂക്ക് വ്യവസായ ഓഫീസിലെ ക്ലാർക്ക് - ടൈപ്പിസ്റ്റ് ആയ ശ്രീമതി ഭാർഗ്ഗവി പി എം - ന് ഹോസ്ദുർഗ് താലൂക്ക് വ്യവസായ ഓഫീസിലെ ക്ലാർക്ക് - ടൈപ്പിസ്റ്റ് തസ്തികയിലെ നിലവിലെ ഒഴിവിലേക്ക് സ്ഥലംമാറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ശ്രീമതി ഭാർഗ്ഗവി പി എം, ക്ലാർക്ക് - ടൈപ്പിസ്റ്റിനെ വിടുതൽ ചെയ്ത വിവരം കാസർഗോഡ് ഉപജില്ലാ വ്യവസായ ഓഫീസറും ടിയാൾ ജോലിയിൽ പ്രവേശിച്ച വിവരം ഹോസ്ദുർഗ് ഉപജില്ലാ വ്യവസായ ഓഫീസറും ഈ ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

Sd/-
RAJEEVE C R
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ് ശ്രീമതി ഭാർഗ്ഗവി പി എം, ക്ലാർക്ക് - ടൈപ്പിസ്റ്റ്.

പകർപ്പ് :
1. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കാസർഗോഡ്.
2. ഉപജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്, കാസർഗോഡ്.
3. ഉപജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്, ഹോസ്ദുർഗ്.
4. സൂക്ഷിപ്പ് ഫയൽ / അധിക പകർപ്പ്.

ഉത്തരവിൻപ്രകാരം

~~ജൂനിയർ~~/സീനിയർ സൂപ്രണ്ട്